ശ്രീ. കെ. കുഞ്ഞമ്പു : ആലപ്പുഴ, ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്നതിനു പറ്റിയ സ്ഥലമല്ല. എന്നാൽ അവിടെ ഒരു ഐസ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : ഇരുന്നൂറിൽപരം ബോട്ടുകളിൽക്കൂടി പിടിക്കുന്ന മത്സ്യം കൊച്ചിയിൽ എത്തിക്കുന്നതിനുള്ള യാത്രാസൗകര്യവും മറ്റും നോക്കുമ്പോൾ മുനമ്പത്തു ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതാണ് കൂടുതൽ സൗകര്യമെന്നുള്ളതുകൊണ്ട് മുൻതീരുമാനം ഒന്നു പുനഃപരിശോധന ചെയ്യാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : പുനഃപരിശോധിക്കാം.

പ്ലാൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ.

* 707. [12] ശ്രീ. പി. എസ്. കാത്തികേയൻ†: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങൾ ശരിയായും ചിട്ടയായും നടത്തുന്നതിനു പഞ്ചായത്തുകൾതോറും ഓരോ പ്ലാൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ രൂപീകരിക്കുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയുടെ ഘടന ഏതു രീതിയിലായിരിക്കും;

(സി) എന്നേയ്ക്കു അങ്ങനെയുള്ള കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം തുടങ്ങും?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) അങ്ങനെയുള്ള ഒരു നിർദ്ദേശം ഉള്ളതായി അറിവില്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

എൻ. ഇ. എസ്സ്. ബ്ലോക്കുകളിലുള്ള ഗ്രാമസേവകരുടെയും എക്സ്റ്റൻഷൻ ഓഫീസറന്മാരുടേയും ജോലികൾ.

* 708. [13] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലുള്ള ഗ്രാമസേവകരുടേയും എക്സ്റ്റൻഷൻ ഓഫീസറന്മാരുടെയും ജോലികൾ എന്തൊക്കെയാണ്;

(ബി) ഇവർ ജോലി കൃത്യമായി ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനു വല്ല ഏർപ്പാടുമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളതു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) സാമൂഹ്യവികസന പരിപാടിയിൽ ഉൾക്കൊള്ളുന്ന വിവിധ വിഷയങ്ങളെക്കുറിച്ചു ഗ്രാമീണജനങ്ങളുടെ ഇടയിൽ സാങ്കേതികവിജ്ഞാനം ഉളവാക്കുകയും വികസനപരിപാടികളുടെ നടത്തിപ്പിൽ ജനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുകയുമാണ് ഗ്രാമസേവകരുടേയും എക്സ്റ്റൻഷൻ ആഫീസർമാരുടേയും ജോലികൾ.

(ബി, സി) ബ്ലോക്ക് ഡെവലപ്പ്മെൻറ് ആഫീസർ, വനവ്യ ഡിവിഷനൽ ആഫീസർ, കളക്ടറർ എന്നീ വികസനവകുപ്പു ഉദ്യോഗസ്ഥന്മാരും, ഡിസ്ട്രിക്ടു ആഫീസർമാർ തുടങ്ങിയുള്ള സാങ്കേതികവകുപ്പു ഉദ്യോഗസ്ഥന്മാരും, ഗ്രാമസേവകരുടെയും, എക്സ്റ്റൻഷൻ ഓഫീസറന്മാരുടെയും ജോലികൾ പരിശോധിക്കുന്നുണ്ട്.

† Put by Shri P. Madhavan

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി: Stage II കഴിഞ്ഞിട്ടുള്ള ബ്ലാക്കുകളിലെ അനിമൽ ഹസ്ബൻഡറി ഉദ്യോഗസ്ഥന്മാക്ക് പറയത്തക്ക ജോലികളൊന്നും ഇപ്പോഴില്ലാ. ഇപ്പോൾ അവക്ക് ശമ്പളം പറ്റുക എന്നുള്ള ജോലിയല്ലാതെ മറ്റൊന്നുമില്ലാത്തതുകൊണ്ട് അവരെ അവിടെനിന്നും ജോലിയുള്ള ഡിസ്ട്രിക്റ്റിലേയ്ക്ക് മാറ്റുന്നതിനു വേണ്ട നടപടി എടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അങ്ങനെ മാറേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ എന്നു ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞു. ഇപ്പോൾ Stage II കഴിഞ്ഞ ബ്ലാക്കുകൾക്ക് ഒരു ലക്ഷം രൂപ മാത്രമാണ് അനുവദിക്കുന്നത്. മുമ്പു അഞ്ചുലക്ഷം രൂപ അനുവദിച്ചിരുന്നു. അപ്പോൾ ഈ വികസനം എന്നുള്ളതു ശമ്പളം കൊടുക്കാൻ തുക ഉണ്ടാക്കുക എന്നുള്ളതു മാത്രമാണോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: പല സ്ഥലത്തും സ്റ്റാഫ് പാറ്റേൺസ് ചെയ്യുന്ന കാര്യവും ആലോചനയിലുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥന്മാക്ക് ശമ്പളവും മറ്റും കാർഷികപദ്ധതികൾക്കുള്ള പ്ലാൻഫണ്ടിൽ നിന്നാണ് കൊടുക്കുന്നതു്. മറ്റു സ്ഥലങ്ങളിൽ സ്റ്റാഫ് വർദ്ധിപ്പിച്ചാൽ പിന്നെയും ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് എന്താണ് വേണ്ടതെന്നാലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. എബ്രഹാം: Stage II ആകുമ്പോഴേയ്ക്കും അങ്ങനെയുള്ള ബ്ലോക്കുകളിലെ വെറ്റർനറി വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥന്മാക്കും എക്സ്റ്റൻഷൻ ആഫീസർന്മാക്കും യാതൊരു ജോലിയുമില്ലാ എന്നുള്ളതിനെ പരിഗണിച്ച് ആ ബ്ലോക്കുകളുടെ ചാർജ്ജെങ്കിലും അവക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ആ നിർദ്ദേശത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ ബ്ലോക്കുകളിൽ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാക്ക് ജോലിയില്ലാ എന്നു പറഞ്ഞു. മറ്റുള്ളവരുടെ ജോലിയെപ്പറ്റിയൊക്കെ മന്ത്രി പറഞ്ഞു. മറ്റു മെമ്പറന്മാരും അപ്രകാരം തന്നെ പറയുന്നു. അതുകൊണ്ട് അതേപ്പറ്റി ഒരു അന്വേഷണം നടത്തുമോ. ഈ ബ്ലാക്കുകളെപ്പറ്റിയും അതിന്റെ പ്രവർത്തനത്തെപ്പറ്റിയും അറിയുന്നതിനു നിയമസഭയിലെ ചില അംഗങ്ങളും ചീഫ് മിനിസ്റ്ററും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ. അവക്ക് എന്തെങ്കിലും അധികാരങ്ങളുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതേപ്പറ്റി പ്രത്യേകം ചോദിച്ചാലല്ലാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഈ ബ്ലോക്കുകളിൽ മുഖ്യ ഗ്രാമസേവകന്മാർ എന്നു ഒരു കൂട്ടരുണ്ട്. അവരുടെ ജോലികളെന്തെല്ലാമാണ്?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഞാൻ, മുമ്പു പറഞ്ഞ ജോലികൾക്കെല്ലാം അതെല്ലാം പെടും.

ശ്രീ. ഇ. പി. ഗോപാലൻ: Stage I കഴിഞ്ഞു, Stage II ലേയ്ക്കു പോകുമ്പോൾ വികസനപ്രവർത്തനങ്ങൾക്കുള്ള തുക കുറവാണ്. അപ്പോൾ അതനുസരിച്ചു സ്റ്റാഫ് പാറ്റേണിൽ വല്ല വ്യത്യാസവും വരുത്തുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതിനേസംബന്ധിച്ചുള്ള വിവരങ്ങൾ പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: Stage I കഴിഞ്ഞിട്ട വർഷങ്ങൾതന്നെ കഴിഞ്ഞിട്ടുള്ള ബ്ലോക്കുകളുണ്ടു്. അവയെ സംബന്ധിച്ചുള്ള പ്രവർത്തനത്തിന്റേയും സ്റ്റാഫിന്റേയും മറ്റും കാര്യങ്ങൾക്കു് ഇത്രകാലത്തിനകം തീരുമാനമെടുക്കുമെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതിനെ സംബന്ധിച്ചെല്ലാം വലിയ കാലതാമസംകൂടാതെ തീരുമാനം എടുക്കാവുന്നതാണു്.

പെൻഷൻകാർക്കു നൽകുന്ന ആനുകൂല്യങ്ങൾ.

* 709. [14] ശ്രീ. കെ. സി. ഏബ്രാഹാം : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഇൻഡ്യഗവണ്മെന്റു് അടുത്തകാലത്തു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കും അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഒരു ചെറിയ ആനുകൂല്യം അനുവദിക്കുന്നതാണെന്നു 28–2–1964–ലെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം : ഗവണ്മെന്റു ജീവനക്കാരുടെ പെൻഷൻ മിനിമം 20 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നു ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകർക്കും അങ്ങനെ കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അതിനു് എത്രത്തോളം സാമ്പത്തികബാദ്ധ്യത വരുമെന്നു പഠിച്ചുകൊണ്ടിരിക്കുകയാണു്.

പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർ.

* 710. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർക്കു് ഫസ്റ്റു് ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കുന്നതിനുള്ള ഉത്തരവു് പുറപ്പെടുവിച്ചതെന്നാണു് ;

(ബി) ഓരോ വിദ്യാഭ്യാസമേഖലയിലും ഇതുവരെ എത്രപേർവീതം I ഗ്രേഡിലേക്കു് പ്രമോഷൻ നൽകിയിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 29–4–1963–ൽ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈവറ്റു സ്കൂൾ ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം, പെൻഷൻ, പ്രൊവിഡണ്ടുഫണ്ടു്, പ്രമോഷൻ മുതലായവ 1960–ലെ ഭേദഗതിനിയമപ്രകാരം അനുവദിച്ചിരുന്നതു്. അതിനെസംബന്ധിച്ചു് ഗവണ്മെന്റു 29–4–1963–ലാണു് ഒരു ഉത്തരവു പുറപ്പെടുവിച്ചതെന്നു പറഞ്ഞു. മൂന്നുകൊല്ലമായിട്ടും ഇതുവരെ ഈ ആനുകൂല്യങ്ങൾ നടപ്പാക്കുന്നതിനു കാലതാമസം വരുത്തുന്നതിനെപ്പറ്റി അന്വേഷണം നടത്തി ദയവായി കഴിയുന്നതുംവേഗം ഇതു നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : അതിനെപ്പറ്റി അന്വേഷിച്ചതിൽ, കാലതാമസത്തിനു പ്രധാനകാരണം, വേണ്ടിടത്തോളം സ്റ്റാഫു് ഇല്ലാത്തതാണെന്നു മനസ്സിലാക്കി, ആവശ്യമുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടു്. ഇനി കാലതാമസം വരാൻ ഇടയില്ല.

LIBRARY ARCHIVES Kerala Legislative Assembly